**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4067** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരി കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?; | (എ) | സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി മരുന്നിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരി മരുന്നിന്റെ വ്യാപനം തടയുന്നതിനായി പോലീസ്, ആർ.പി.എഫ്., എൻ.സി.ബി., ഫുഡ് ആന്റ് സേഫ്റ്റി, ഡ്രഗ്സ് കൺട്രോൾ, ഹെൽത്ത്, വനം, റവന്യൂ തുടങ്ങിയ ഏജൻസികളുമായി ചേർന്ന് നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തി വരുന്നുണ്ട്. വാട്ട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴിയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ വഴിയും നടക്കുന്ന മയക്കുമരുന്നുകളുടെ കൈമാറ്റം കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവ്വീസ് വഴി ലഹരികടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തരം നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നു. ലഹരി കടത്ത് കേസ്സുകളിലെ പ്രതികളുടെ യാത്രാ വിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചും ഫോൺ കോളുകളും ടവർ ലൊക്കേഷനുകളും ശേഖരിച്ചും അന്വേഷണം നടത്തി ഇത്തരം കേസ്സുകളിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയുന്നതിനും കണ്ടെത്തുന്നതിനും എക്സൈസ് വകുപ്പിന്റെ ഐ.ടി. സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിലെ പ്രധാന റോഡുകളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചും, ഇടറോഡുകളിൽ KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) വിന്റെ സഹായത്തോടെയും വാഹന |

പരിശോധന നടത്തിവരുന്നു. റെയിൽവേ സ്റ്റേഷനുകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മറ്റ് ഏജൻസികളുമായി ചേർന്ന് നിരീക്ഷണം ശക്തമാക്കി നടപ്പിലാക്കിവരുന്നുണ്ട്.

മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിക്കുകയും അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന പ്രതികൾ വീണ്ടും കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാനായി PIT NDPS Act 1985 (The prevention of illicit traffic in Narcotics and psychotropic Substances Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും, എൻ.ഡി.പി.എസ്. കേസ്സുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികളും, മയക്കുമരുന്ന് കേസ്സിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസ്സിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും, മയക്കുമരുന്ന് കേസ്സുകളിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ആവർത്തിക്കില്ലായെന്ന് ബോണ്ടുവെപ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ ജില്ലകളിലും ഓരോ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ക്ലബുകൾക്ക് പുറമെ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.യുമായി ചേർന്ന് സ്കൂളുകളിലും പൊതുജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടെ സ്ത്രീകൾക്കും

| | | | |
|---|---|---|---|
| | | | കുട്ടികൾക്കുമിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്ന കലാ പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ആദിവാസി മേഖലയിലെ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, ലഹരിയുടെ ഉപയോഗം ഒഴിവാക്കുന്നതിനുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലഹരി ഉപയോഗം സംബന്ധിച്ച എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലഹരി ഉപയോഗം സംബന്ധിച്ച് 72785 അബ്കാരി കേസുകളും 26453 എൻ. ഡി.പി. എസ് കേസുകളും 301784 കോട്പ കേസുകളും ഉൾപ്പെടെ ആകെ 401022 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ